<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2525</u> <u>24-06-2024 - ൽ മറുപടിയ്ക്ക്</u>

<u>മലബാർ സിമെന്റ്സ് ലിമിറ്റഡിന്റെ നവീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ സിമെന്റ്സ് ലിമിറ്റഡിന്റെ നിലവിലെ ഉല്പാദനവും വിപണനവും ഉൽപ്പാദനശേഷിക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | മലബാർ സിമന്റ്സ് ലിമിറ്റഡിന് ഉത്പാദന ശേഷിക്ക് ആനുപാതികമായി ഉത്പാദനം വർദ്ധിപ്പിക്കുവാൻ ചുവടെ പറയുന്ന നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• ഊരാളുങ്കൽ ലേബർ സൊസൈറ്റി, കേരള സിഡ്കോ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുതലായ സഹകരണ മേഖലയിലെയും, സർക്കാർ ഉടമസ്ഥതയിലെയും വലുതും ചെറുതുമായ സ്ഥാപനങ്ങളുമായി സഹകരിച്ച് വിപണി വിഹിതം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• ആവശ്യക്കാർക്ക് അവരുടെ സൈറ്റുകളിൽ നേരിട്ട് സിമന്റ് എത്തിക്കുന്നതിന് ട്രാൻസ്പോർട്ടിംഗ് സംവിധാനം കേരളത്തിൽ ഉടനീളം ഏർപ്പെടുത്തിയിട്ടുണ്ട്.<br>• "ബൾക്കർ" സിമന്റിന്റെ വിൽപ്പന ഈ സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്.<br>• അതുപോലെ ഹോളോബ്ളോക്ക്, ടൈൽ, കോൺക്രീറ്റ് റെഡിമിക്സ് നിർമ്മാണ മേഖലകളിൽ മലബാർ സിമന്റ്സിന്റെ പുതിയ സിമന്റായ 'വേഗ' ലഭ്യമാക്കുന്നത് വഴി ആ മേഖലകളിലും കമ്പനിയുടെ സാന്നിധ്യം അറിയിക്കുവാൻ സാധിച്ചു.<br>• പാലക്കാട് ജില്ലയിലെ ആലത്തൂർ, മലപ്പുറം ജില്ലയിലെ തിരൂർ, നിലമ്പൂർ കോഴിക്കോട് ജില്ലയിലെ വടകരയിലും കമ്പനി ഗോഡൌണുകൾ ആരംഭിച്ചതു വഴി അവിടങ്ങളിൽ കൂടുതൽ വിപണി വിഹിതം നേടാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കണ്ണൂർ ജില്ലയിലും ഒരു ഗോഡൌൺ തുറക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • വിപണിയിൽ കാര്യക്ഷമമായി ഇടപെടുന്നതിന് വേണ്ടി കോൺട്രാക്ട് അടിസ്ഥാനത്തിൽ കൂടുതൽ ഫീൽഡ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ